**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6137** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള അധികഭൂമിയിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് ഉത്പാദന വിപണന പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയുന്ന കോമൺ ഫെസിലിറ്റി സെന്ററുകൾ ഉൾപ്പെടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫക്ടറികൾ സ്ഥാപിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗത്തിന് ശേഷമുള്ള അധിക ഭൂമിയിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പ സാമ്പത്തികവർഷം സംരംഭക വർഷമായി ആചരിക്കുന്നതിനോടൊപ്പം സംരംഭകർക്കാവശ്യമായ വിവിധ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>2022-23 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രസ്തുത പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 96 സെൻറ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി 28.15 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ ലഭ്യമായിട്ടുള്ള 96 സെൻറ് സ്ഥലത്ത് കിൻഫ്രയുടെ സഹായത്തോടുകൂടി ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി നീക്കിവെച്ചിട്ടുള്ള ഭൂമിയിൽ 86080 ചതുരശ്ര അടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) നിർമ്മിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | തൃശ്ശൂർ ജില്ലയിലെ അളഗപ്പ ടെക്സ്റ്റയിൽസ് കമ്പനി വക സ്ഥലം,കൊരട്ടി ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സ് വക സ്ഥലം, കൊരട്ടി വൈഗ ത്രഡ്സ് കമ്പനിക്കായി റവന്യൂ വകുപ്പ് കൈമാറിയിരുന്ന സ്ഥലം തുടങ്ങി വിവിധ സ്ഥലങ്ങൾ സംസ്ഥാന ഗവൺമെന്റിന് ലഭ്യമാക്കുന്നതിനും വ്യത്യസ്ത സ്ഥലങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ വ്യവസായ സ്ഥാപനങ്ങളും വാണിജ്യ സ്ഥാപനങ്ങളും ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ദേശസാത്ക്കരണത്തിനു ശേഷം അളഗപ്പ ടെക്സ്റ്റൈൽസ് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലായതിനാൽ, കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നതിനുള്ള സന്നദ്ധത കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br><br>2013ൽ പ്രവർത്തനം നിലച്ച കൊരട്ടി വൈഗ ത്രെഡ്സിന്റെ ഓഫീസുകൾ ഒന്നും തന്നെ നിലവിൽ പ്രവർത്തിക്കുന്നില്ല. ബഹു.കർണാടക ഹൈക്കോടതിയുടെ 05.03.2015ലെ കമ്പനി പെറ്റീഷൻ നമ്പർ 90/2008 ഉത്തരവിന്റെ അടിസ്ഥാനത്തിൽ " വൈഗ ത്രെഡ്സ് പ്രോസസ്സേഴ്സ് (പ്രൈ) ലിമിറ്റഡ്" എന്ന സ്ഥാപനത്തിന്റെ Assets & Effects, ഒഫിഷ്യൽ ലിക്വിഡേറ്റർ ഓഫ് കർണാടകയുടെ സംരക്ഷണയിലാണ്. സ്ഥാപനവുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് സ്ഥലം സംസ്ഥാന ഗവൺമെന്റിന് ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ